# ഇവിടെ കൃഷിയിലുമുണ്ട് അല്പം രാഷ്ട്രീയം!

## യുവകർഷകർ പറയുന്നു 5

**ബിജു കുര്യൻ**

**അടൂർ:** മനു തയ്യിൽ, യുവരാഷ്ട്രീയക്കാർക്കിടയിലെ കർഷകനെ തെരഞ്ഞാൽ മുൻനിരയിൽ ഈ പേരുണ്ടാകും.

പ്രധാന്യം കൃഷിക്കോ രാഷ്ട്രീയത്തിനോ എന്നു ചോദിച്ചാൽ കൃഷിക്കു തന്നെയെന്നുത്തരം. കോൺഗ്രസുകാരനായ മനുവിനു ഗ്രൂപ്പുണ്ട്. തന്റെ കൃഷിക്കും ഗ്രൂപ്പുണ്ടെന്ന് ഈ യുവകർഷകർ പറയുന്നു. വ്യത്യസ്ത ഇനം പച്ചക്കറിയും മറ്റും കാലാവസ്ഥയ്ക്കനുസൃതമായി വളർത്തി വിളവെടുക്കുന്നത് ഒരു ഗ്രൂപ്പ് രാഷ്ട്രീയം തന്നെയാണെന്നാണ് മനുവിന്റെ പക്ഷം.

മണ്ണ് അറിഞ്ഞ് കൃഷി ഇറക്കുകയെന്നതാണു കഴിഞ്ഞ എട്ടു വർഷമായി മനുവിന്റെ രീതി. അടൂർ നഗരസഭയുടെ 15-ാം വാർഡിൽ പിതൃസ്വത്തായി ലഭിച്ച 1.07 ഏക്കറിലെ അഞ്ചു സെന്റിൽ കൃഷി ഇറക്കിക്കൊണ്ടായിരുന്നു തുടക്കം. ഒരു പശുവിനെയും വാങ്ങി. കൃഷിയിടത്തിൽ ആവശ്യത്തിനു വെള്ളം ലഭിക്കാൻ കുളം കുത്തി. വാഴക്കൃഷിക്കു പറ്റിയ മണ്ണല്ലെന്നു കണ്ടതോടെ പച്ചക്കറി കൃഷിയിലൂടെയായിരുന്നു തുടക്കം. പിന്നീടു വെറ്റിലകൃഷി തുടങ്ങിയതോടെ സ്ഥലത്തേക്കു വ്യാപിപ്പിച്ചു. ഇന്ന് ഈ 32കാരൻ ഒന്നാന്തരം ജൈവകർഷകനാണ്. ആറ് പശുക്കൾ, ഇവയുടെ ചാണകവും മൂത്രവുമെല്ലാം ഉപയോഗപ്പെടുത്തി വിജയകരമായ ജൈവകൃഷി..

### ഈ കൃഷിയിടം പരീക്ഷണശാല

മണ്ണിനെ മനസിലാക്കാൻ തുടക്കത്തിൽ വെറ്റിലക്കൊടിയും വാഴയും പരീക്ഷിച്ചു. ഒപ്പം പലതരം പച്ചക്കറികളും. ഒടുവിൽ മണ്ണിന്റെ ഗുണം തിരിച്ചറിഞ്ഞ് പച്ചക്കറിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. രണ്ടു വർഷം മുമ്പ് സർക്കാർ നടപ്പാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി അടൂരിൽ വിജയകരമായി അദ്ദേഹം നടപ്പാക്കി. കൃഷിവകുപ്പുമായി ഒത്തുചേർന്നാണ് പ്രവർത്തനം, അവിടെ രാഷ്ട്രീയം ഇല്ല.



മനു തയ്യിൽ തന്റെ പച്ചക്കറിത്തോട്ടത്തിൽ.

### പച്ചക്കറിയെ മാറ്റി നിർത്തേണ്ട

ഒരു പച്ചക്കറിയും കേരളത്തിൽ വിളയില്ലെന്നു പറഞ്ഞു മാറ്റി നിർത്തേണ്ടതില്ലെന്നാണ് മനുവിന്റെ അഭിപ്രായം. വഴുതന കൃഷിയിലൂടെയാണ് തുടക്കമിട്ടതെങ്കിലും പിന്നീട് എല്ലാം പരീക്ഷിച്ചു. അവസാനം ചോളക്കൃഷിയിലേക്കും തിരിഞ്ഞു. കാലാവസ്ഥ അനുകൂലമെങ്കിൽ എല്ലാ പച്ചക്കറിയും കൃഷി ചെയ്യാം. പയർ, വെണ്ട, ചീര, പച്ചമുളക്, വെള്ളരി തുടങ്ങി നാടൻ കൃഷികളോടായിരുന്നു തുടക്കത്തിൽ പ്രിയം. പിന്നീടു കാബേജും കോളിഫ്ളവറും ചെയ്തു. കഴിഞ്ഞ വർഷം കാരറ്റ് വിളവെടുത്തു. കീടനാശിനികൾ തന്റെ കൃഷിയിടത്തിൽ കയറ്റിയിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. പുകയില കഷായം, വേപ്പിൻ നീര്, പഴച്ചാർ കെണി എന്നിവയാണ് കീടങ്ങൾക്കെതിരേയുള്ള ആയുധം.

രാവിലെ ആറു മുതൽ 9.30 വരെയും വൈകുന്നേരങ്ങളിൽ നാലു മുതൽ 6.30 വരെയുമാണ് മനുവിന്റെ കൃഷി സമയം. അവിവാഹിതനായ മനുവിന് മാതാവും സഹോദരിയുമാണു കൃഷിയിടത്തിൽ കൂട്ട്.

### വിപണിയും വികസിപ്പിച്ചു

പച്ചക്കറിക്കും പാലിനുമൊക്കെ സ്വയം വിപണി വികസിപ്പിച്ചെടുക്കുകയായിരുന്നു ഈ ചെറുപ്പക്കാരൻ. ഉത്പാദിപ്പിക്കുന്ന പച്ചക്കറിക്കും പാലിനുമൊക്കെ ആവശ്യക്കാർ വീട്ടിൽ തന്നെ. വിഷം കലരാത്ത മായമില്ലാത്ത പച്ചക്കറിക്ക് ആവശ്യക്കാർ ഏറെ. കൃഷിവകുപ്പുമായി ചേർന്നുള്ള വിപണന കേന്ദ്രങ്ങളിലും പച്ചക്കറി എത്തിക്കും. പാലിന്റെ വില്പനയിലും ഇതുതന്നെയാണ് അനുഭവം. ഓണത്തിന് ഒരു മുറം പച്ചക്കറിയിലൂടെ വിളവെടുത്ത ഉത്പന്നങ്ങൾ പൂർണമായി കൃഷിവകുപ്പ് ഏറ്റെടുത്തു. നല്ല കാർഷികോത്പന്നങ്ങൾക്കു വിപണി ലഭിക്കില്ലെന്ന വാദത്തോടു മനുവിനു യോജിപ്പില്ല.

### മിത്രങ്ങൾ

യൂത്ത് കോൺഗ്രസ് അടൂർ നിയോജകമണ്ഡലം വൈസ് പ്രസിഡന്റാണ് അദ്ദേഹം. പറക്കോട് സർവീസ് സഹകരണബാങ്ക് ഭരണസമിതിയംഗവുമാണ്. നേരത്തെ മണ്ഡലം പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് ഒരു സംഘം വീടുകയറി ആക്രമിച്ചു. എയർഗൺ ഉപയോഗിച്ചു വെടിവച്ചു. തലയ്ക്കാണു വെടിയേറ്റത്, ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു. ഇപ്പോഴും ഇതിലെ ചിലഭാഗങ്ങൾ തലയ്ക്കുള്ളിലുണ്ട്. കീഴ്ത്താടിളക്കി ഓപ്പറേഷൻ ചെയ്യേണ്ടതിനാൽ വേണ്ടെന്നുവച്ചു. രാഷ്ട്രീയത്തിൽ എതിരാളികളുണ്ടെങ്കിലും കൃഷിയിൽ എല്ലാവരും മിത്രങ്ങളാണെന്നു മനു പറയുന്നു.

### അംഗീകാരങ്ങൾ

2015ൽ കൃഷിവകുപ്പിന്റെ മികച്ച യുവകർഷക അവാർഡ് മനു തയ്യിലിനായിരുന്നു. മറ്റ് നിരവധി സംഘടനകളുടെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇക്കൊല്ലം പോളി ഹൗസ് പൂർത്തീകരിച്ചു. അടുത്ത ജൂണിൽ കൃഷിഭവനുകൾക്ക് പച്ചക്കറിത്തൈകൾ വിതരണം ചെയ്യാനുള്ള തിരക്കിലാണ് അദ്ദേഹം. അതിനുള്ള അനുമതിയും ലഭിച്ചു.

Deepika-16-05-2018-P-03